# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3128** **18/10/2016-ൽ മറുപടിക്ക്**

**വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭിക്കുന്നതിനുള്ള കർമ്മ പരിപാടികൾ**

| | ചോദ്യം<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം വൈദ്യുതി ലഭിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ ചട്ടങ്ങൾ പ്രകാരം വിതരണശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ ലഭിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി)<br>&<br>(സി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. ഇതനുസരിച്ച് പുതിയ സർവീസ് കണക്ഷൻ ലഭിക്കുവാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ട്. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ യ്ക്ക് മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മിഷൻ സർക്കാർ നിർദ്ദേശം അംഗീകരിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങളുടെ ലഘൂകരണം കെ.എസ്.ഇ.ബി നടപ്പിലാക്കുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 100 ചതുരശ്ര മീറ്ററിൽ കൂടാത്ത വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നല്കാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ